# NATIONAL BULLETIN

DATE : 18.09.2025

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. നേപ്പാളിൽ സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കുന്നതിന് ഇന്ത്യയുടെ പിന്തുണ ഉറപ്പുനൽകി പ്രധാനമന്ത്രി നരേന്ദ്രമോദി.
   Prime Minister reaffirms India's steadfast support to restore peace and stability in Nepal.

2. ആഗോളതലത്തിൽ ഇന്ത്യയുടെ ഔന്നത്യം വളരുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.
   India's stature is growing on the global stage; says Defence Minister Rajnath Singh.

3. രാജ്യത്തെ വ്യാവസായിക പരിശീലന സ്ഥാപനങ്ങളെ എ.ഐ അധിഷ്ഠിത പരിശീലന കേന്ദ്രങ്ങളാക്കി ഉയർത്തുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.
   Union Finance Minister Nirmala Sitharaman has said that the Centre will provide full funding required to upgrade Industrial Training Institutes into AI-driven training centers.

4. വോട്ടർമാരെ നീക്കം ചെയ്യാൻ ശ്രമിച്ചെന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.
   Election Commission terms Rahul Gandhi's allegations of voter deletion as incorrect and baseless.

5. സംസ്ഥാനത്തെ വിലക്കയറ്റം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപം നിയമസഭ ചർച്ച ചെയ്യ്ത് തള്ളി. സർക്കാർ ഫലപ്രദമായ ഇടപെടൽ വിപണിയിൽ നടത്തിയതായി മന്ത്രി ജി. ആർ അനിൽ. വിലക്കയറ്റത്തിൽ കേരളം മുന്നിലെന്ന് പ്രതിപക്ഷം.

   **The state assembly discussed and rejected the opposition's adjournment motion regarding price rise in the state. Minister G. R. Anil stated that the government had intervened effectively in the market. The opposition alleged that Kerala is leading in price rise.**

6. ലോക അത്ലറ്റിക്ക് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യയുടെ ജാവലിൻ താരം നീരജ് ചോപ്രയ്ക്ക് എട്ടാം സ്ഥാനം.

   **India's javelin star Neeraj Chopra finished eighth in the Men's final in World Athletics Championships.**

************************

## PM-SUSHILA KARKI

പ്രധാനമന്ത്രി നരേന്ദ്രമോദി നേപ്പാളിലെ ഇടക്കാല പ്രധാനമന്ത്രി സുശീല കർക്കിയുമായി ടെലിഫോൺ സംഭാഷണം നടത്തി. നേപ്പാളിൽ സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കുന്നതിന് ഇന്ത്യ പിന്തുണ നൽകുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. നേപ്പാൾ ദേശീയ ദിനത്തോടനുബന്ധിച്ച് അവിടുത്തെ ജനങ്ങൾക്ക് ശ്രീ മോദി ആശംസകൾ നേർന്നു.

************************

## RAJNATH-MANTHAN 2025

ആഗോളതലത്തിൽ ഇന്ത്യയുടെ ഔന്നത്യം വളരുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ

നടന്ന ദ്വിദിന ദേശീയ സമ്മേളനം, മൻധൻ 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2047 ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കാനാകുമെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു. വികസിത ഭാരതത്തിലേക്ക് തന്ത്രപ്രധാന മാർഗരേഖ എന്ന പ്രമേയത്തിലൂന്നി ഡിഫൻസ് എസ്റ്റേറ്റ്സ് ഡയറക്ടറേറ്റ് ജനറലാണ് ദേശീയസമ്മേളനം സംഘടിപ്പിച്ചത്.

************************

## VAISHNAW-AI

ഡിജിറ്റൽ വ്യക്തിഗത ഡാറ്റ സംരക്ഷണ നിയമങ്ങൾ അന്തിമമാക്കിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. വരും ദിവസങ്ങളിൽ ഇത് പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ എഐ ഇംപാക്റ്റ് സമ്മിറ്റ് 2026-ന്റെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. അടുത്ത വർഷം AI ഇംപാക്ട് ഉച്ചകോടിക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകോടി ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

************************

## PM SITHARAMAN - ITIs (INTRO)

സംസ്ഥാനങ്ങളിലെ വ്യാവസായിക പരിശീലന സ്ഥാപനങ്ങളെ എ.ഐ അധിഷ്ഠിത പരിശീലന കേന്ദ്രങ്ങളാക്കി ഉയർത്തുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ഇതിനാവശ്യമായ മുഴുവൻ ധനസഹായവും കേന്ദ്രസർക്കാർ നൽകുമെന്നും ശ്രീമതി സീതാരാമൻ പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ ഫൗണ്ടേഷൻ ഫോർ ക്വാളിറ്റി മാനേജ്മെന്റിന്റെ വാർഷിക സിമ്പോസിയത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്ര ധനമന്ത്രി.

(ഹോൾഡ് വോയിസ്.......)

************************

## REV EC - GANDHI

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച വോട്ട് നീക്കൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഓൺലൈനിൽ വോട്ട് നീക്കം ചെയ്യാൻ സാധിക്കില്ലെന്ന് കമ്മീഷൻ വ്യക്തമാക്കി. 2023 ൽ കർണാടകയിലെ അലന്ദ് നിയമസഭാ മണ്ഡലത്തിലെ വോട്ടുകൾ നീക്കം ചെയ്യാൻ നടന്ന ശ്രമങ്ങൾ പരാജയപ്പെട്ടു. വിഷയത്തിൽ എഫ്ഐആർ ഫയൽ ചെയ്തതായും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. അലന്ദ് നിയമസഭാ മണ്ഡലത്തിൽ ആറായിരത്തോളം വോട്ടർമാരെ വോട്ടർപട്ടികയിൽ നിന്ന് നീക്കംചെയ്തതായി നേരത്തെ, രാഹുൽ ഗാന്ധി വാർത്താ സമ്മേളനത്തിൽ ആരോപിച്ചിരുന്നു.

************************

## KOLKATA-GST REFORMS

രാജ്യത്തിന്റെ നികുതി- വരുമാന സംവിധാനം ആധുനികവൽക്കരിക്കുകയും ലളിതമാക്കുകയുമാണ് പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെ ലക്ഷ്യമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. കൊൽക്കത്തയിൽ ജിഎസ്ടി പരിഷ്കാരം സംബന്ധിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. എട്ട് വർഷം മുമ്പ് അവതരിപ്പിച്ച ജിഎസ്ടി ചട്ടക്കൂട് പുനഃക്രമീകരിക്കുന്നതിന് മുമ്പ്, സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തിരുന്നതായും ശ്രീമതി സീതാരാമൻ പറഞ്ഞു.

************************

## ASSEMBLY

സംസ്ഥാനത്തെ വിലക്കയറ്റം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപം നിയമസഭ ചർച്ച ചെയ്ത് തള്ളി. സർക്കാർ ഫലപ്രദമായ ഇടപെടൽ വിപണിയിൽ നടത്തിയതായി ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് ഭക്ഷ്യമന്ത്രി ജി.ആർ അനിൽ പറഞ്ഞു. വിലക്കയറ്റത്തിൽ കേരളം രാജ്യത്ത് മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും മുന്നിലാണെന്ന് പ്രതിപക്ഷം ആരോപിച്ചു. പ്രതിപക്ഷത്തു നിന്നും പി.സി വിഷ്ണുനാഥ് ആണ് ഉപക്ഷേപം അവതരിപ്പിച്ചത്. നടപടികൾ നിർത്തിവെച്ചുള്ള ഉപക്ഷേപങ്ങൾ തുടർച്ചയായ മൂന്നാം ദിവസമാണ് സഭയുടെ പരിഗണനയ്ക്ക് വന്നത്.

************************

## BLUE TIDES

സംസ്ഥാന ഫിഷറീസ് വകുപ്പ് കേന്ദ്ര സർക്കാരിന്റെയും യൂറോപ്യൻ യൂണിയന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ബ്ലൂ ടൈഡ്സ് കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഔപചാരിക ഉത്ഘാടനം നിർവ്വഹിക്കും. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ എന്നിവർ കോൺക്ലേവിൽ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

************************

## PM SEVA PARV – TECHNOLOGY (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(മ്യൂസിക്)

കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ അഗ്രികൾച്ചറൽ മിഷനിലൂടെ സാറ്റലൈറ്റുകൾ, സെൻസറുകൾ, മൊബൈൽ ആപ്പുകൾ എന്നിവ ഉപയോഗിച്ച് കാർഷിക മേഖലയിൽ വലിയ പരിവർത്തനമാണ് സൃഷ്ടിച്ചത്. സാങ്കേതിക വിദ്യ വികസനങ്ങളിലൂടെ കർഷകരുടെ ജീവിതം മെച്ചപ്പെടുത്താൻ സർക്കാരിന് സാധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്-പിഎം)

ഇ-നാം പ്ലാറ്റ്ഫോമിലൂടെ ആയിരത്തിലധികം മണ്ഡികളെ ബന്ധിപ്പിച്ച് കർഷകർക്ക് മികച്ച വില ലഭ്യമാക്കിയതിലൂടെ അവരുടെ ജീവിത നിലവാരം മെച്ചപ്പെട്ടതായും പ്രധാനമന്ത്രി പറഞ്ഞു.

(മ്യൂസിക്)

************************

## NEERAJ CHOPRA

ടോക്കിയോയിൽ നടക്കുന്ന ലോക അത്‌ലറ്റിക്ക് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യയുടെ ജാവലിൻ താരം നീരജ് ചോപ്ര പുറത്ത്. 88.16 മീറ്റർ ദൂരമെറിഞ്ഞ ട്രിനിഡാഡിന്റെ കിഷോൺ വാൾകോട്ടിനാണ് സ്വർണ്ണം. നിലവിലെ ലോകചമ്പ്യനായ നീരജിന് എട്ടാം സ്ഥാനം മാത്രമാണ് ലഭിച്ചത്. അരങ്ങേറ്റ മത്സരത്തിൽ ഇന്ത്യയുടെ സച്ചിൻ യാദവ് നാലാംസ്ഥാനം നേടി.

************************

## ASIA CUP

ഏഷ്യാ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക, അഫ്ഗാനിസ്ഥാനെ നേരിടും. ഷെയ്ഖ് സയ്യിദ് സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. നാളത്തെ മത്സരത്തിൽ ഇന്ത്യ-ഒമാനെ നേരിടും. രാത്രി 8 മണിക്കാണ് മത്സരം.

************************

## PM - SHORT FILM

ദേശീയ അവാർഡ് നേടിയ ചലച്ചിത്രം 'ചലോ ജീത്തേ ഹൈ' രാജ്യവ്യാപകമായി റീ-റിലീസ് ചെയ്തു. പ്രധാനമന്ത്രിയുടെ ബാല്യകാലം പ്രമേയമാക്കി ചിത്രീകരിച്ച ബയോപിക് ഷോർട്ട് ഫിലിമാണിത്. സ്കൂളുകളിലും 500 ഓളം സിനിമാ ശാലകളിലും ഒക്ടോബർ 2 വരെ പ്രത്യേക പ്രദർശനമുണ്ടാകും.

************************

## SWACHHATA CAMPAIGN

വാണിജ്യ വ്യവസായ വകുപ്പ് ഇന്ന് സ്വച്ഛതാ ഹി സേവാ കാമ്പയിൻ സംഘടിപ്പിച്ചു. പൊതു ഇടങ്ങൾ വൃത്തിയാക്കൽ, പരിസ്ഥിതി സൗഹൃദ, മാലിന്യരഹിത ആഘോഷങ്ങൾ എന്നിവ പരിപാടിയുടെ ഭാഗമായി നടന്നു.

************************

## UTHARAGHAND FLOOD

ബീഹാർ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ടയിടങ്ങളിൽ അടുത്ത മൂന്ന് ദിവസങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ മേഘവിസ്ഫോടനത്തെത്തുടർന്നുള്ള വെള്ളപ്പൊക്കത്തിൽ 14 പേരെ കാണാതായി, 20 ഓളം പേർക്ക് പരിക്കേറ്റു. ഇരുനൂറോളം പേരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചു.

************************

## UNESCO - NEW SITE

കേരളത്തിലെ വർക്കല ക്ലിഫ് ഉൾപ്പെടെ രാജ്യത്തുടനീളമുള്ള ഏഴ് പുതിയ പ്രകൃതി പൈതൃക സ്ഥലങ്ങൾ കൂടി യുനെസ്കോയുടെ ലോക പൈതൃക സൈറ്റുകളുടെ താൽക്കാലിക പട്ടികയിൽ ഉൾപ്പെടുത്തി. ഇതോടെ ഇന്ത്യയുടെ 69 പൈതൃക സൈറ്റുകൾ താൽക്കാലിക പട്ടികയിൽ ഇടംപിടിച്ചു. പഞ്ചഗണിയിലെയും മഹാബലേശ്വറിലെയും ഡെക്കാൻ ട്രാപ്പുകൾ ആന്ധ്രാപ്രദേശിലെ എര മട്ടി ദിബ്ബാലു, തിരുമല കുന്നുകൾ എന്നിവയും പട്ടികയിൽ ഉൾപ്പെട്ടു.

************************

## PIB FACT CHECK

ഉപഭോക്താക്കളുടെ സിം കെവൈസി, ട്രായ് താൽക്കാലികമായി നിർത്തിവച്ചുവെന്നും സിം കാർഡുകൾ ബിഎസ്എൻഎൽ 24 മണിക്കൂറിനുള്ളിൽ ബ്ലോക്ക് ചെയ്യുമെന്നും പറയുന്ന നോട്ടിസ് വസ്തുതാവിരുദ്ധമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം. ബിഎസ്എൻഎൽ അത്തരം അറിയിപ്പുകൾ നൽകിയിട്ടില്ലെന്ന് പിഐബി സമൂഹമാധ്യമത്തിൽ പറഞ്ഞു.

************************

## EVE AMIT SHAH-BIHAR VISIT

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ പേരിൽ പ്രതിപക്ഷം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതായി മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ. ഒരു ഇന്ത്യൻ പൗരന്റേയും പേര് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കില്ലെന്നും ബിഹാറിൽ ബിജെപി നേതാക്കളെ അഭിസംബോധന ചെയ്യവേ അദ്ദേഹം പറഞ്ഞു. ജെഡിയു അധ്യക്ഷൻ നിതീഷ് കുമാറുമായി ശ്രീ ഷാ ഇന്ന് പട്നയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു.

************************

## CEA-FINANCE MINISTRY

കഴിഞ്ഞ ആറു വർഷത്തിൽ രാജ്യത്ത് റെക്കോർഡ് സാമ്പത്തിക വികസനം ഉണ്ടായതായി മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി അനന്ത നാഗേശ്വരൻ. ഭാരത് ചേംബർ ഓഫ് കൊമേഴ്സിന്റെ 125-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ച് കൊൽക്കത്തെയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2027-28 ൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം അഞ്ച് ലക്ഷം കോടി യുഎസ് ഡോളറായിരിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധി പ്രവചിക്കുന്നതായും അദ്ദേഹം പറഞ്ഞു.

************************

## EPFO - MEMBER PORTAL

ഇപിഎഫ്ഒ പോർട്ടലിൽ അംഗങ്ങൾക്ക് ഒറ്റ ലോഗിൻ വഴി എല്ലാ പ്രധാന സേവനങ്ങളും വേഗത്തിൽ ലഭ്യമാകുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. പരാതികൾ കുറയ്ക്കുന്നതിനും സുതാര്യത വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*

*********

**************************************